# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2080

18.06.2013-ൽ മറുപടിക്ക്

## സഹകരണ മേഖലയിലെ കാർഷികവായ്പ

**ചോദ്യം**

ശ്രീ. ജി. സുധാകരൻ :

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി)

(എ) സഹകരണ സംഘങ്ങൾ 2011-2012, 2012-2013 എന്നീ വർഷങ്ങളിൽ ആകെ വിതരണം ചെയ്ത കാർഷികവായ്പ എത്ര ;

(എ) 2011-2012 സാമ്പത്തിക വർഷം 2665.47 കോടി രൂപയും 2012-2013 സാമ്പത്തിക വർഷത്തിൽ 2841.38 കോടി രൂപയും വിതരണം നടത്തിയിട്ടുണ്ട്.

(ബി) കാർഷികവായ്പ വിതരണം ചെയ്യാത്ത സഹകരണസംഘങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) കാർഷിക വായ്പാവിതരണം നടത്താത്ത സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ കാർഷികേതര വായ്പാ സംഘങ്ങൾ ആയി മാറ്റുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

(സി) 31-3-2013-ന് കേരളത്തിലെ എത്ര പ്രാഥമിക കാർഷികവായ്പാ സംഘങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് ; ജില്ല തിരിച്ച് പട്ടിക വ്യക്തമാക്കാമോ ?

(സി) 31.03.2013 ലെ താൽക്കാലിക കടധനപട്ടിക പ്രകാരം കേരളത്തിൽ 744 കാർഷിക വായ്പാ സംഘങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

31.03.2013 ൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

| ക്രമ.നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 49 |
| 2 | കൊല്ലം | 48 |
| 3 | പത്തനംതിട്ട | 76 |
| 4 | ആലപ്പുഴ | 125 |
| 5 | കോട്ടയം | 69 |
| 6 | ഇടുക്കി | 44 |

| | | |
|---|---|---|
| 7 | എറണാകളം | 32 |
| 8 | തൃശ്ശൂർ | 81 |
| 9 | പാലക്കാട് | 32 |
| 10 | മലപ്പുറം | 23 |
| 11 | കോഴിക്കോട് | 42 |
| 12 | വയനാട് | 13 |
| 13 | കണ്ണൂർ | 75 |
| 14 | കാസർഗോഡ് | 35 |
| | ആകെ | 744 |

**സെക്ഷൻ ഓഫീസർ**